പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3068

21/06/2013-ൽ മറുപടിയ്ക്ക്

## ഹോർട്ടികോർപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| --- | --- |
| എ) സംസ്ഥാനത്തെ പച്ചക്കറി വില നിയന്ത്രണത്തിന് ഹോർട്ടി കോർപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | എ) പച്ചക്കറികളുടെ വില നിയന്ത്രിക്കുന്നതിന് കമ്പോളവിലയേക്കാൾ 15% മുതൽ 30% വരെ വില കുറച്ച് വിൽപ്പന നടത്തുകയും കൂടുതൽ സ്റ്റാളുകൾ തുടങ്ങുകയും ഹരിത മൊബൈൽ യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തിയും പച്ചക്കറികളുടെ വില നിയന്ത്രിക്കുന്നതിന് ഹോർട്ടികോർപ്പിന് സാധിച്ച് വരുന്നു. |
| ബി) ഹോർട്ടി കോർപ്പിന്റെ സ്റ്റാളുകൾ കൂടുതൽ പ്രദേശങ്ങളിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഈ വർഷം എത്രയെണ്ണം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു; | ബി) സർക്കാരിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക സഹായം അനുസരിച്ച് തിരുവനന്തപുരം ജില്ലയിൽ 100 സ്റ്റാളും മറ്റ് ജില്ലകളിൽ 25 മുതൽ 50 വരെയും ഹരിത സ്റ്റാളുകൾ തുടങ്ങുന്നതിനുള്ള പദ്ധതികളാണ് ലക്ഷ്യമിടുന്നത്. |
| സി) ഇടനിലക്കാരില്ലാതെ കർഷകരിൽ നിന്നും നേരിട്ട് പച്ചക്കറി സംഭരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | സി) കേരളത്തിലെ കർഷകർ, കർഷകസംഘങ്ങൾ, വി.എഫ്. പി.സി.കെ., സംഘമൈത്രി, സ്വാശ്രയ കർഷക വിപണി എന്നിവിടങ്ങളിൽ നിന്നും കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ ഇടത്തട്ടുകാരെ ഒഴിവാക്കി ഹോർട്ടിക്കോർപ്പ് നേരിട്ട് സംഭരിച്ച് വരുന്നു. കേരളത്തിൽ ലഭ്യമല്ലാത്തവ അയൽ സംസ്ഥാനങ്ങളിലെ കർഷകരിൽ നിന്നും സംഭരിച്ച് വരുന്നു. |
| ഡി) നഗരങ്ങളിൽ കൂടുതൽ മൊബൈൽ വിപണനവിൽപന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഹോർട്ടികോർപ്പ് എന്ത് നടപടി സ്വീകരിച്ചു; ഈ വർഷം എത്രയെണ്ണം തുടങ്ങുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ? | ഡി) ജനപ്രതിനിധികളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ കൂടുതൽ മൊബൈൽ വിപണനകേന്ദ്രങ്ങൾ ആരംഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ